ഉത്തരം

(എ) നിർവ്വാഹമില്ല.

(ബി) പരിഗണനയിലില്ല.

നിശ്ചിതകാലം സർവ്വീസില്ലാത്ത സർക്കാർ ഉദ്യോഗസ്ഥരുടെ പെൻഷൻ

66 (777) ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിതകാലം സർവ്വീസില്ലാത്ത സർക്കാർ ഉദ്യോഗസ്ഥർക്ക് പെൻഷൻ ലഭ്യമാക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) സർവ്വീസിൽനിന്നും ഏതു തീയതിക്കുശേഷം വിരമിച്ച വർക്കാണ് ഈ ഉത്തരവുകൊണ്ട് ഗുണമുണ്ടാകുന്നതെന്ന് അറിയിക്കുമോ;

(സി) ഈ പുതിയ ഉത്തരവുമൂലം സർക്കാരിന് കൂടുതൽ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമോയെന്നു കണക്കാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതെത്രയാണെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രായം വൈകി സർവ്വീസിൽ പ്രവേശിക്കുകമൂലം മിനിമം പെൻഷന് അർഹമാകാനുള്ള യോഗ്യസേവനകാലം ലഭിക്കാതെ സർവ്വീസിൽ നിന്നും പിരിയുന്ന ജീവനക്കാർക്ക് ആശ്വാസമെന്ന നിലയിൽ 18.9.99-ലെ ജി. ഒ.(പി)1851/99/ധന.ഉത്തരവു പ്രകാരം ഒരു പുതിയ പെൻഷൻ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുകയുണ്ടായി.

(ബി) സർവ്വീസിൽ നിന്നും മേൽപ്പറഞ്ഞ സാഹചര്യത്തിൽ പെൻഷൻ കിട്ടാതെ പിരിയേണ്ടിവന്ന എല്ലാ വിഭാഗം സർക്കാർ ജീവനക്കാർക്കും അവർ സർവ്വീസിൽ നിന്നും പിരിഞ്ഞ തീയതി പരിഗണിക്കാതെ 1.10.99 മുതൽ പെൻഷൻ ലഭിക്കുന്നതാണ്.

(സി)-(ഡി) സാമ്പത്തിക ബാദ്ധ്യതയുണ്ടാകും. എത്രയെന്ന് കണക്കാക്കിയിട്ടില്ല.

മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥർക്ക് മികച്ച സേവനത്തിന് നൽകുന്ന അവാർഡ്

67 (778) ശ്രീ. എ.കെ. മണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് സർവ്വീസിലെ മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥന്മാർക്ക് മികച്ച സേവനത്തിന് അവാർഡ് നൽകുന്നതിനോ അംഗീകാരം നൽകുന്നതിനോ സംവിധാനമുണ്ടോ;

(ബി) എങ്കിൽ ഇത്തരം അവാർഡുകൾ പരിഗണിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനും അവാർഡ് നിശ്ചയിക്കുന്നതിനുള്ള അധികാരം ആർക്കാണ്;

(സി) ഇപ്പോൾ ഈ തരത്തിലുള്ള അപേക്ഷകൾ എന്തെങ്കിലും തീരുമാനമാകാതെ ഗവൺമെന്റിന്റെ പക്കലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അവാർഡ് നൽകുന്നുണ്ടെങ്കിൽ പ്രസ്തുത അവാർഡ് നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന്

(സി) ഇല്ല.

(ഡി) കെ.എസ്.ആർ വാല്യം ഒന്നിലെ 34-ാം റൂളിനു കീഴിലെ സർക്കാർ തീരുമാനം 1-ൽ പറയുന്ന നിബന്ധനകൾക്കു വിധേയമായി നൽകുന്നു.

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഇൻഫർമേഷൻ ടെക്നോളജി വകുപ്പിലെ നിയമനം.

68 (779) ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ.പി.എ. മജീദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഇൻഫർമേഷൻ ടെക്നോളജി വകുപ്പിൽ ഈയിടെ ചില തസ്തികകളിൽ നിയമനം നടത്തുകയുണ്ടായോ;

(ബി) എങ്കിൽ ഏത് ഏജൻസി വഴിയാണ് നിയമനം നടത്തിയത്; അപേക്ഷ ക്ഷണിച്ച് പത്രപരസ്യം നൽകിയിരുന്നോ;

(സി) ഏതൊക്കെ തസ്തികകളിൽ എത്ര പേരെ വീതം നിയമിച്ചു;

(ഡി) നിയമനം ലഭിച്ചവരുടെ പേരുവിവരം വ്യക്തമാക്കുമോ;

(ഇ) എസ്.സി./എസ്.ടി വിഭാഗത്തിൽ നിന്നും എത്ര പേരെ നിയമിച്ചു;

(എഫ്) ഒ.ബി.സി. വിഭാഗത്തിൽ നിന്നും എത്രപേരെ നിയമിച്ചു;

(ജി) മുന്നോക്ക സമുദായങ്ങളിൽ നിന്നും എത്രപേരെ നിയമിച്ചു;

(എച്ച്) നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടുണ്ടോ;

(ഐ) ഇല്ലെങ്കിൽ സംവരണതത്വം പാലിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പുതുതായി രൂപീകരിച്ച ഇൻഫർമേഷൻ ടെക്നോളജി വകുപ്പിൽ 10.2.1999-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം.46/99/ജി.എ.ഡി പ്രകാരം താഴെ പറയുന്ന 11 തസ്തികകൾ സൃഷ്ടിച്ചു.

തസ്തിക	എണ്ണം
1. ഡെപ്യൂട്ടി സെക്രട്ടറി	1

LIBRARY ARCHIVES Kerala Legislative Assembly